**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3823** **15.05.2017-ലെ മറുപടിക്ക്**

**'മിച്ചഭൂമി അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം'**

**ചോദ്യം**
**ശ്രീ. എം.ഉമ്മർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയിൽ പകുതിപോലും അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) & (ബി) | അത്തരമൊരു സാഹചര്യം നിലവിലില്ല. എന്നാൽ ചില കേസുകളിൽ വിതരണത്തിനായി ശേഷിക്കുന്ന മിച്ചഭൂമി വെള്ളക്കെട്ട്, പാറക്കെട്ട്, വനഭൂമി തർക്കം, അന്യകൈവശം എന്നീ കാരണങ്ങളാലും വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ മൂലവും സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. |
| (ബി) | കോടതികളിൽ നിലനിൽക്കുന്ന കേസ്സുകളാണ് ഇത്തരം പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | | |
| (സി) | പൊതുആവശ്യത്തിന് നോട്ടിഫൈ ചെയ്ത ഭൂമി അവ ആവശ്യമില്ലാത്ത പക്ഷം ഡിവെസ്റ്റ് ചെയ്ത് മിച്ചഭൂമിയായി ഭൂരഹിതർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഭൂരഹിതർക്ക് വിതരണം ചെയ്യാൻ മിച്ചഭൂമി ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ, പൊതു ആവശ്യത്തിന് വേണ്ടി നോട്ടിഫൈ ചെയ്ത ഭൂമി അതിനായി ആവശ്യമില്ലെന്ന് ബോധ്യമാകുന്ന പക്ഷം അവ ഡിവെസ്റ്റ് ചെയ്ത് മിച്ചഭൂമിയായി ഭൂരഹിതർക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**